(സി) പത്താം പദ്ധതിയുടെ ആദ്യ വർഷം പൂർത്തിയാക്കാൻ കഴിഞ്ഞ പദ്ധതികൾ :

ഉൽപ്പാദന മേഖല

1. വഴിക്കടവ് ഡൈവേർഷൻ – 24 എം. യു.
2. നവീകരണവും പുനഃരുദ്ധാരണവും

പള്ളിവാസൽ – 37.5 എം. ഡബ്ല്യു.

ശെങ്കുളം – 48 എം. ഡബ്ല്യു.

പന്നിയാർ – 30 എം. ഡബ്ല്യു.

പ്രസരണ മേഖല

സബ് സ്റ്റേഷനുകൾ

1. 110 കെ. വി. – 7 എണ്ണം
2. 33 കെ. വി. – 7 എണ്ണം

ലൈനുകൾ

1. 110 കെ. വി. – 36.4 സി.കി.മീ.
2. 66 കെ. വി. – 44.4 സി.കി.മീ.
3. 33 കെ. വി. – 115.75 സി.കി.മീ.

വിതരണമേഖല

1. സർവ്വീസ് കണക്ഷനുകൾ- 3,55,524 എണ്ണം
2. 11 കെ. വി. ലൈൻ – 608.923 കി.മീ.
3. എൽ.റ്റി. ലൈൻ – 3,478.41 കി.മീ.
4. ട്രാൻസ്ഫോർമർ – 835 എണ്ണം
5. സ്ട്രീറ്റ് ലൈറ്റുകൾ – 27,968 എണ്ണം

കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ഗ്രാമീണ ശുദ്ധജല പദ്ധതി

14 (*681) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി. കെ. സി മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഗ്രാമീണശുദ്ധജല പദ്ധതി കേരളത്തിൽ നടപ്പിലാക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുൻ വർഷവും നടപ്പുവർഷവും എത്രകോടി രൂപയുടെ സഹായം സംസ്ഥാനത്ത് ലഭിക്കുകയുണ്ടായി ;

(സി) കേരളത്തിനർഹമായ മുഴുവൻ പദ്ധതി സഹായവും നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ മുൻവർഷവും ഈ വർഷവും നേടിയെടുക്കാൻ കഴിയാതെ പോയ തുക എത്രയാണെന്ന് പറയാമോ ;

(ഡി) നിശ്ചിത കാലയളവിനുള്ളിൽ സംസ്ഥാനത്ത് നിന്നും ഈ പദ്ധതി പ്രകാരമുള്ള മുഴുവൻ സഹായത്തിനും പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ടി. എം. ജേക്കബ്) :

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സ്വജൽധാരഗ്രാമീണ ശുദ്ധജല പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നുണ്ട്.

ഗ്രാമീണ ജനതയ്ക്ക് വേണ്ടി അവർ തന്നെ ആവിഷ്ക്കരിച്ചത് നടപ്പിലാക്കി പരിപാലിക്കുന്ന കുടിവെള്ളപദ്ധതിയാണ് സ്വജൽധാര. 90% കേന്ദ്രസഹായമുള്ള ഈ പദ്ധതിക്ക് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കോ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഗുണഭോക്തൃസമിതികൾക്കോ സ്കൂൾ പി.ടി.എ.കൾക്കോ അപേക്ഷിക്കാവുന്നതാണ്. ബാക്കി 10 ശതമാനം തുകയിൽ 5 ശതമാനം തുക ഗുണഭോക്താക്കൾ പണമായി സ്വരൂപിക്കുകയും ബാക്കി 5 ശതമാനം പദ്ധതിക്കാവശ്യമായ ഭൂമിയായോ സന്നദ്ധ സേവനമായോ സംഭാവന ചെയ്യുകയും വേണം. പദ്ധതിക്കുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷകർ തോത് ജില്ലയിലുള്ള ഡിസ്ട്രിക്ട് വാട്ടർ ആന്റ് സാനിട്ടേഷൻ മിഷൻ എന്ന സൊസൈറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(ബി) മുൻ വർഷം 8.63 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ലഭ്യമായിട്ടില്ല. നടപ്പു വർഷം കേന്ദ്രസഹായമായി 5.04 കോടി രൂപ ലഭിക്കുമെന്നുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്രത്തിനർഹമായ മുഴുവൻ പദ്ധതിസഹായവും നേടിയെടുക്കാനുള്ള നടപടികൾ എടുത്തുവരുന്നു. തുകയൊന്നും പാഴായി പോയിട്ടില്ല.

(ഡി) പദ്ധതി പ്രകാരമുള്ള സഹായത്തിന് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. സംസ്ഥാനത്തിന് പദ്ധതി തുക കഴിഞ്ഞ വർഷം നിശ്ചയിച്ചിരുന്നില്ല.

ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട്-2003

15 (*682) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly